## Navya Maria CMC, Provincial, Pavanatma Province, Kothamangalam

# ഒരു താപസവര്യന്റെ പാദമുദ്രകൾ



ധർമ്മാരാമിന്റെ ശാന്തതയ്ക്കിണങ്ങിയ ഒരു വിശുദ്ധ ജീവിതത്തിന്റെ ഓർമ്മകൾ അയവിറക്കാൻ ഒരു ശിഷ്യ എന്ന നിലയ്ക്ക് ഞാൻ തുനിയട്ടെ... നാമം പോലെ തന്നെ വിനീതനായൊരു ആചാര്യൻ... നിശബ്ദതയെ സ്നേഹിച്ച സന്യാസവര്യൻ. ശിഷ്യസമൂഹത്തെ ഒരുപോലെ കരുതുന്ന ഗുരുഭൂതൻ... അതായിരുന്നു ഞങ്ങൾക്ക് പ്രിയപ്പെട്ട വിനീതച്ചൻ. ഒച്ചപ്പാടുകളില്ല, ബഹളങ്ങളില്ല. ശാന്തമായിരുന്നു ആ സാന്നിദ്ധ്യം; ഊഷ്മളമായിരുന്നു ആ വ്യക്തിത്വം; ആഢ്യത്വം നിറഞ്ഞതായിരുന്നു അ പെരുമാറ്റം... വഴിയോരങ്ങളിലും, ക്ലാസ്മുറികളിലും കണ്ടുമുട്ടുമ്പോൾ ലാളിത്യത്തിന്റെ, സാഹോദര്യത്തിന്റെ, കരുതലിന്റെ സ്ഫുലിംഗങ്ങൾ ഏവർക്കും അനുഭവവേദ്യമായിരുന്നു. ഉള്ളിൽ ജ്വലിച്ചു നില്ക്കുന്ന ദൈവസ്നേഹാഗ്നിയിൽനിന്നും ഉടലെടുക്കുന്ന വാക്കുകൾ തൊടാത്ത ജീവിതങ്ങളില്ല. നടന്നു നീങ്ങിയ വീഥികളിൽ, അനേകം ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച ആ ധന്യാത്മാവിനെ ഒരു സുപ്രഭാതത്തിൽ നടന്ന മാറ്റങ്ങളായിരുന്നില്ല ശ്രേഷ്ഠനാക്കിയത്; മറിച്ച്, ചിട്ടയായ ജീവിത ക്രമങ്ങളിലൂടെ സ്വായത്തമാക്കിയതാണ്, രൂപപ്പെടുത്തിയതാണത്.

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ് സ്വപ്നം കണ്ട ഒരു വൈദികൻ ആരായിരിക്കണമെന്ന് തന്റെ ജീവിതംകൊണ്ട് പ്രഘോഷിച്ചവനാണ് വിനീതച്ചൻ. ചാവറയച്ചന്റെ സ്വപ്നസാക്ഷാത്ക്കാരമായ 'ബേസ് റൗമ' എന്ന ദർശനം വിദ്യാവനത്തിന്റെ സ്ഥാപനത്തിൽ വിനീതച്ചൻ പൂർത്തിയാക്കി. ദീർഘമണിക്കൂറുകൾ സക്രാരിയ്ക്കുമുൻപിൽ തപം ചെയ്ത സ്ഥാപകപിതാവിന്റെ ആത്മദർശനങ്ങൾ ഏറ്റുവാങ്ങി രാത്രിയുടെ നീണ്ടയാമങ്ങൾ അൾത്താരയ്ക്കരികിലിരിക്കാൻ തന്റെ വ്യത്യസ്തമായ ഉത്തരവാദിത്വങ്ങൾ വിനീതച്ചനെ തടസ്സപ്പെടുത്തിയില്ലായെന്നത് സഹവൈദീകരിൽ നിന്നും പലപ്പോഴായി കേട്ടിട്ടുണ്ട്. ഇതിന്റെ ബഹിർസ്ഫുരണങ്ങളായിരുന്നു ആച്ചന്റെ ശ്രേഷ്ഠ പൗരോഹിത്യത്തിന്റെ പിന്നാമ്പുറങ്ങളിലെ ചാലകശക്തി. ചാവറ പിതാവിനെപ്പോലെ ഒരു ഭക്ത-കർമ്മയോഗിയാകാൻ ആഗ്രഹിച്ച വിനീതച്ചന്റെ ജീവിതത്തിൽ അത് സാക്ഷാത്കൃതമാകുകയായിരുന്നു. നന്മയുള്ള നല്ല ശീലങ്ങൾ കൈമുതലാക്കിയ ഈ ആചാര്യ ശ്രേഷ്ഠൻ തന്റെ പൗരോഹിത്യജീവിതത്തിലുടനീളം ദൈവജനത്തിന്റെ ആവശ്യങ്ങളിൽ സംലഭ്യനായിരുന്നു. അഭിമാനിക്കാനേറെയുണ്ടെങ്കിലും സ്തുതികളുടെ മദ്ധ്യത്തിലും വലിപ്പത്തിലെ ചെറുപ്പം കണ്ടെത്തിയ ഒരു വിനീതനായ വൈദികൻ അദ്ദേഹത്തിന്റെ പൗരോഹിത്യത്തിൽ മറഞ്ഞിരിപ്പുണ്ടായിരുന്നു. എളിമയെന്ന പുണ്യം യഥാർത്ഥ ആദ്ധ്യാത്മികതയുടെ മുഖമുദ്രയാണെന്ന് തന്റെ ജീവിതത്തിലൂടെ അച്ചൻ തെളിയിച്ചു.



ക്യാമ്പസിലൂടെ നടന്നു നീങ്ങുന്ന വിനീതച്ചന്റെ ചിത്രം ഇന്നും എന്റെ മനസ്സിൽ പച്ചകെടാതെ ഇന്നലെയെന്ന വണ്ണം നിറഞ്ഞു നില്ക്കുന്നു. വ്യത്യസ്തമായ വേഷം... ആർഭാടങ്ങളില്ല, ആരവങ്ങളില്ല, ആ പദചലനങ്ങൾ പോലും ഒരു താപസവര്യന്റെ പാദമുദ്രകളായി അനുഭവപ്പെട്ടു. കൂടെ നടന്ന കൂടപ്പിറപ്പുകൾക്കും ശിഷ്യഗണത്തിനും എല്ലാ പ്രിയപ്പെട്ടവർക്കും ഓർമ്മിക്കുവാൻ ഇഷ്ടം തോന്നുന്ന ഒരു പിടി നല്ല ഓർമ്മകളും, കണ്ടുപഠിക്കുവാൻ ഒരു പാട് മാതൃകകളും ബാക്കിവച്ച് ആചാര്യനായ വിനീതച്ചൻ യാത്രയായി. ആത്മീയതയുടെ നിലവറയായ ആ വന്ദ്യഗുരുവിന്റെ നന്മനിറഞ്ഞ ജീവിതത്തിനുമുമ്പിൽ പ്രണാമമർപ്പിക്കാം.

## Fr. Joy Kolengaden CMI, Mannuthy, Thrissur

### വിമർശനാത്മകതയും വിശാലമനോഭാവവും



വിനീത് അച്ചന്റെ ഹൃദയത്തിൽ കത്തിജ്വലിച്ചുനിന്ന ഒരു വികാരമായിരുന്നു ഗ്രീക്ക് റോമാസംസ്ക്കാരത്തിലൂടെ ഇറങ്ങിവന്ന കത്തോലിക്കാസഭ, ഭാരതസംസ്കാരത്തിലൂടെയും കടന്നുവരണം. യുവത്വത്തിന്റെ കാലഘട്ടത്തിൽ കുറെയൊക്കെ വിമർശനാത്മകതയിലൂടെ നടന്നു നീങ്ങേണ്ടിവന്നിട്ടുണ്ട് വിനീതച്ചന് നമ്മുടെ പിതാക്കന്മാരുടെ ഭാരതീയ സംസ്കാരത്തോടുള്ള വിശാലമനോഭാവക്കുറവ് വിനീതച്ചനെ ശരിക്കും വേദനിപ്പിച്ചിട്ടുണ്ട് എന്നാണ് എന്റെ പക്ഷം. ആരാധന, സത്യം, സ്നേഹം, ലാളിത്യം ജീവിതത്തിൽ നിന്ന് വേർതിരിക്കാൻ സാധിക്കാത്തവിധം ഇടപഴകിയ ജീവിതരീതിയായിരുന്നു വിനീത് അച്ചന്റേത്. പ്രത്യേക സമയങ്ങൾ ഒന്നും പരിഗണിക്കാതെ ഏതു സമയത്തും പ്രാർത്ഥനക്കും ധ്യാനത്തിനും യേശുവുമായി ഒന്നു ചേരലിനും ചിലവഴിച്ചതിന്റെ പൊരുൾ അതാണ്. സത്യം അല്ലാത്തത് ആരുടെ ഭാഗത്തുനിന്നും കണ്ടാലും വലിയ വിലകൊടുത്തു എതിർത്തിരുന്നു. സ്നേഹം കത്തിജ്വലിച്ചുകൊണ്ടാണ് ഏത് പാവപ്പെട്ടവനും എതിരെയുള്ള അനീതിക്കെതിരെ പോരാടിയിരുന്നത്. ജീവിതം ലളിതമായിരുന്നു. ഞാൻ പലരോടും കൂടി വലിയ ഹോട്ടലുകളിൽ കയറി ഇറങ്ങാൻ അവസരം കിട്ടിയിട്ടുണ്ട്. എന്നാൽ വിനീതച്ചന്റെ കൂടെ അങ്ങനെയുള്ള അവസരങ്ങൾ തട്ടുകടകൾ ആയിരുന്നു. അത് ജീവിതാവസാനംവരെ നോക്കികാണാനും സാധിച്ചിട്ടുണ്ട്. ഭക്ഷണം കഴിക്കുമ്പോൾ പ്ലേറ്റിൽ ഒരു ചെറിയ വേസ്റ്റ്പോലും കാണാൻസാധിക്കുകയില്ല. അത്രയും വൃത്തിയും വെടിപ്പും ലാളിത്യവും ഉണ്ടായിരുന്നു. വിനീത് അച്ചന്റെ ജീവിതത്തിലേക്ക് ആഴ്ന്നിറങ്ങി പഠിക്കുവാൻ ഓരോരുത്തരുടെയും മെസ്സേജുകൾ സഹായിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന. ആദരാഞ്ജലികൾ...